ടി.എം. മനോഹരൻ IFS
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ

പ്രിൻസിപ്പൽ ചീഫ്
ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസ്
വഴുതക്കാട്
തിരുവനന്തപുരം-14

Phone : 0471-2339593
Mob : 9447979020

WL1-8081/2008

എല്ലാ ജില്ലാ കളക്ടർമാർ
എല്ലാ ജില്ലാ പോലീസ് സൂപ്രണ്ടുമാർ

സർ,

വിഷയം : ഉത്സവാഘോഷങ്ങളിൽ ആനകളെ എഴുന്നള്ളിക്കുന്നതുമായി ബന്ധപ്പെട്ട നാട്ടാന പരിപാലന ചട്ടങ്ങൾ നടപ്പിലാക്കുന്നത് സംബന്ധിച്ച്

സൂചന :

മറ്റൊരു ഉത്സവകാലംകൂടി വന്നെത്തിയിരിക്കുന്നു. ഉത്സവാഘോഷങ്ങളുമായി ബന്ധപ്പെട്ട് മുൻ വർഷങ്ങളിൽ ആനകൾ ഇടഞ്ഞ് മനുഷ്യജീവനും സ്വത്തിനും ഹാനി വരുത്തിയ നിരവധി സംഭവങ്ങൾ ഉണ്ടായിട്ടുണ്ട് എന്ന കാര്യം നമുക്കെല്ലാം അറിയാം. ഈ വർഷവും ഇതിനോടകം നാല് സ്ഥലങ്ങളിൽനിന്നും അനിഷ്ട സംഭവങ്ങൾ റിപ്പോർട്ട് ചെയ്തുകഴിഞ്ഞിരിക്കുന്നു. ആയതിനാൽ ഈ വർഷത്തെ ഉത്സവാഘോഷങ്ങൾ പ്രശ്നവിമുക്തമാക്കുവാൻ നാമെല്ലാം കൂട്ടായി പ്രവർത്തിക്കേണ്ടതുണ്ട്. ജില്ലാ കളക്ടറും, പോലീസ് സൂപ്രണ്ടും ഇക്കാര്യത്തിൽ മുൻകൂർ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കാനാണ് ഈ കത്ത് എഴുതുന്നത്. അനിഷ്ട സംഭവങ്ങൾ കഴിയുന്നത്ര ഉണ്ടാകാതിരിക്കാൻ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കാൻ വേണ്ട നിർദ്ദേശങ്ങൾ താങ്കളുടെ കീഴുദ്യോഗസ്ഥർക്ക് കാലേകൂട്ടി നൽകുന്നത് അഭികാമ്യമായിരിക്കും.

ആനകളെ ഉത്സവങ്ങൾക്ക് എഴുന്നള്ളിക്കുന്നതിന് ജില്ലാ കളക്ടറുടെയോ, അദ്ദേഹം അധികാരപ്പെടുത്തുന്ന തഹസിൽദാറിൽ താഴെയല്ലാത്ത ഉദ്യോഗസ്ഥന്റെയോ മുൻകൂർ അനുവാദം വാങ്ങിയിരിക്കണം എന്ന് നിഷ്കർഷിക്കണം. ഇങ്ങനെ അനുവാദം ചോദിക്കുന്ന ആനകളുടെ ഉടമസ്ഥൻമാർ താഴെ പറയുന്ന രേഖകൾ ഹാജരാക്കണമെന്ന് നിർബന്ധമാക്കണം.

1. കേരളത്തിലെ ചീഫ് വൈൽഡ്ലൈഫ് വാർഡൻ നൽകിയിട്ടുള്ള ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്
2. ആനകളെ കേരളത്തിൽ രജിസ്റ്റർ ചെയ്ത രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്
3. മൈക്രോചിപ്പ് ഘടിപ്പിച്ചത് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്
4. ആനകൾക്ക് മെഡിക്കൽ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് (അപേക്ഷിക്കുന്നതിന് രണ്ടാഴ്ചയ്ക്കകമെങ്കിലും ലഭിച്ചത്)
5. പാപ്പാൻമാർക്ക് ആനയുടെ ആക്രമണംമൂലം മരണമോ അംഗവൈകല്യമോ സംഭവിച്ചാൽ 2,50,000/- രൂപയെങ്കിലും ലഭിക്കത്തക്കവിധത്തിൽ ഉടമകൾ എടുത്തിട്ടുള്ള ഇൻഷ്വറൻസ് പരിരക്ഷ.

6. എഴുന്നള്ളിപ്പിനോടനുബന്ധിച്ച് ആനകൾക്ക് പൊതുജനങ്ങളിൽനിന്നും പ്രകോപനമോ, ശല്യമോ ഉണ്ടാകാതിരിക്കുന്നതിനായി ആന ഉടമകളും ഉത്സവകമ്മിറ്റിക്കാരുമായുള്ള ഉടമ്പടി

7. ആന ഇടഞ്ഞുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് വാഹനങ്ങൾക്കുള്ള തേഡ്പാർട്ടി ഇൻഷ്വറൻസ് മാതൃകയിൽ നിർദ്ദിഷ്ട കാലയളവിൽ പ്രാബല്യമുള്ളവിധത്തിൽ ആനകളെ ഇൻഷ്വർ ചെയ്ത തിന്റെ രേഖ.

8. അഞ്ചിൽ കൂടുതൽ ആനകളെ എഴുന്നള്ളിക്കുമ്പോൾ നിർബന്ധിത പബ്ലിക് ലയബിലിറ്റി ഇൻഷ്വറൻസ് പരിരക്ഷ

9. എലിഫെന്റ് സ്ക്വാഡിലെ വെറ്ററിനറി സർജൻമാരുടെ സേവനം ഉറപ്പുവരുത്തുക.

10. ആനകളെ എഴുന്നള്ളിക്കുന്ന ഉത്സവസ്ഥലങ്ങളിൽ പ്രതീക്ഷിക്കുന്ന ജനക്കൂട്ടത്തിനും, ഉദ്ദേശിക്കുന്ന അത്രയും ആനകൾക്കും യഥേഷ്ടം പെരുമാറാനുള്ള സ്ഥലം ഉണ്ട് എന്ന് ജില്ലാ പോലീസ് സൂപ്രണ്ടിൽനിന്നോ അദ്ദേഹം അധികാരപ്പെടുത്തുന്ന സർക്കിൾ ഇൻസ്പെക്ടറിൽ താഴെയല്ലാത്ത ഒരു പോലീസ് ഉദ്യോഗസ്ഥനിൽനിന്നോ ലഭിക്കുന്ന അനുമതി പത്രം.

11. ഉത്സവസ്ഥലങ്ങളിൽ ക്രമസമാധാനപ്രശ്നങ്ങൾ ഉണ്ടാവുകയാണെങ്കിൽ അവ നിയന്ത്രണവിധേയമാക്കുന്നതിന് ആവശ്യമായ പോലീസ് ഉദ്യോഗസ്ഥരെ ജില്ലാ പോലീസ് സൂപ്രണ്ടുമാർ നിയമിക്കുക.

ഈ വർഷം അപകടങ്ങളില്ലാത്ത ഒരു ഉത്സവവർഷമാക്കുവാൻ നാം ഓരോരുത്തർക്കും ശ്രമിക്കാം.

വിശ്വസ്തതയോടെ,

(ഒപ്പ്)

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ